**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5597** **16-03-2023 - ൽ മറുപടിയ്ക്ക്**

**വിദേശഭാഷ പഠന കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. ആന്റണി ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മലയാളി ഉദ്യോഗാർത്ഥികൾക്കായി രാജ്യാന്തര തലത്തിൽ തൊഴിൽ നേടാൻ സഹായകരമാകുന്ന അന്താരാഷ്ട്ര നിലവാരമുള്ള വിദേശഭാഷാ പഠന കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഏതൊക്കെ ഭാഷകളിലാണ് പഠനം ഉദ്ദേശിക്കുന്നത്; കോഴ്സിലേക്കുള്ള പ്രവേശനം, ഫീസ് എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | പരിഗണനയിലുണ്ട്. ഇതുമായി ബന്ധപ്പെട്ട് നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജ് എന്ന സ്ഥാപനം 2023 മാർച്ച് 14-ന് തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തനം ആരംഭിച്ചു. പ്രാരംഭഘട്ടത്തിൽ German, English (IELTS, OET) എന്നീ ഭാഷകളിലാണ് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത്. ആരോഗ്യ മേഖലയിലുള്ളവർക്ക് ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. ടി ഇൻസ്റ്റിറ്റ്യൂട്ടിൽ ബി.പി.എൽ വിഭാഗത്തിനും എസ്.സി, എസ്.ടി വിഭാഗത്തിനും പഠനം പൂർണ്ണമായും സൗജന്യമായിരിക്കും. മറ്റ് പൊതു വിഭാഗത്തിലുള്ളവർക്ക് 75 ശതമാനം ഫീസ് ഇളവിൽ പരിശീലനം സാധ്യമാകും. എ.പി.എൽ വിഭാഗങ്ങൾക്ക് OET ഭാഷാ പഠനത്തിന് 3750/- രൂപയും, ജർമ്മൻ എ1 ഭാഷാ പഠനത്തിന് 3375/- രൂപയും, ജർമ്മൻ എ2 ഭാഷാ പഠനത്തിന് 4500/- രൂപയും ആണ് ഫീസ്.<br><br>കൂടാതെ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള സർക്കാർ സ്ഥാപനമായ ഒഡെപെകിന് കീഴിൽ രാജ്യാന്തര തലത്തിൽ തൊഴിൽ നേടാൻ സഹായകരമാകുന്ന അന്താരാഷ്ട്ര നിലവാരമുള്ള വിദേശ ഭാഷാ പഠന കേന്ദ്രങ്ങൾ തിരുവനന്തപുരം, കോഴിക്കോട് എറണാകുളം, അങ്കമാലി, ഡൽഹി എന്നിവിടങ്ങളിൽ ആധുനിക സജ്ജീകരണങ്ങളോടെ ആരംഭിച്ചിട്ടുണ്ട്. ടി പരിശീലന കേന്ദ്രങ്ങളിൽ കൂടി യൂറോപ്യൻ രാജ്യങ്ങളിലെ തൊഴിലിടത്തേക്ക് ആവശ്യമായ IELTS/OET, ജർമ്മനിയിലേക്കുവേണ്ടി ജർമ്മൻഭാഷ, ബെൽജിയത്തിലേക്ക വേണ്ടി ഡച്ച ഭാഷ തുടങ്ങിയവയിൽ ക്ലാസുകൾ നൽകിവരുന്നു. ഇതോടൊപ്പം ഉദ്യോഗാർത്ഥികളുടെ സൗകര്യാർത്ഥം |

| | | | |
|---|---|---|---|
| | | | ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള ഓഫ്‌ലൈൻ/ ഓൺലൈൻ ക്ലാസുകൾ കൂടി നൽകി വരുന്നു. പ്രസ്തുത കോഴ്സുകൾക്ക് Rs.5000+ ജി.എസ്.ടി മുതൽ Rs.7000+ ജി.എസ്.ടി വരെയാണ് ഫീസ്. |
| (ബി) | തൊഴിൽ ദാതാക്കൾക്ക് മികച്ച ഉദ്യോഗാർത്ഥികളെ കണ്ടെത്താനും റിക്രൂട്ട് ചെയ്യാനും കഴിയുന്ന കേന്ദ്രമായി പ്രസ്തുത പഠനകേന്ദ്രത്തെ പരിവർത്തനം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | തൊഴിൽ ദാതാക്കൾക്ക് മികച്ച ഉദ്യോഗാർത്ഥികളെ കണ്ടെത്താനും റിക്രൂട്ട് ചെയ്യാനും കഴിയുന്ന ഒരു മൈഗ്രേഷൻ ഫെസിലിറ്റേഷൻ കേന്ദ്രമായി പ്രസ്തുത പഠന കേന്ദ്രത്തെ പരിവർത്തനം ചെയ്യാൻ നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ